## സയൻസ് എക്സ്പ്രസ്- ലഘുവിവരണം

പൊതുജനങ്ങൾക്കിടയിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിന് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രപ്രദർശനവുമായി ഇന്ത്യ മുഴുവൻ സഞ്ചരിക്കുന്ന സ്പെഷൽ ട്രെയിനാണ് സയൻസ് എക്സ്പ്രസ്. 2007 ഒക്ടോബറിൽ ഫ്ളാഗ് ഓഫ് ചെയ്ത ട്രെയിനിൽ 16 എ.സി കോച്ചുകളാണുള്ളത്. നാല് ഘട്ടങ്ങളിലായി ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലൂടെ ശാസ്ത്രലോകത്തിലെ അറിവുകൾ പങ്കു വച്ച് സഞ്ചരിച്ച സയൻസ് എക്സ്പ്രസ് 2012 മുതൽ ജൈവവൈവിധ്യപ്രദർശനമാണ് നടത്തുന്നത്. കേന്ദ്രശാസ്ത്രസാങ്കേതിക വകുപ്പും വനം-പരിസിഥിതി വകുപ്പും സംയുക്തമായാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

സയൻസ് എക്സ്പ്രസ്-ജൈവവൈവിധ്യ സ്പെഷൽ-2013 എഡിഷൻ ഏപ്രിൽ 9 ന് ഡൽഹിയിലെ സഫ്ദർജംഗ് സ്റ്റേഷനിൽ നിന്ന് യാത്ര തിരിച്ചു. ഡൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിത്, കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി ജയന്തി നടരാജൻ, മുൻ റയിൽവേ മന്ത്രി പവൻകുമാർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ആദ്യയാത്ര. ഒക്ടോബർ 28 ന് അവസാനിക്കുന്ന ഈ ഘട്ടത്തിൽ 62 സ്റ്റേഷനിലൂടെയാണ് സയൻസ് എക്സ്പ്രസ് കടന്നു പോകുന്നത്. ഓരോ സ്റ്റേഷനിലും 3-4 ദിവസങ്ങൾ വരെ സന്ദർശകർക്ക് പ്രദർശനം കാണാനുള്ള സൗകര്യം ഉണ്ടായിരിക്കും. ജൈവവൈവിധ്യങ്ങളുടെ സംരംക്ഷണത്തിനും മരുഭൂവൽക്കരണത്തിനെ തടയുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ദശകമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു കഴിഞ്ഞു. അതുകൊണ്ടു തന്നെ സയൻസ് എക്സ്പ്രസ് 2013 എഡിഷൻ ജൈവവൈവിധ്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഒരുക്കിയിരിക്കുന്നത്. 2012 ലെ കൺവെൻഷൻ ഓഫ് ബയോളജിക്കൽ ഡൈവേഴ്സിറ്റിക്ക് ആതിഥ്യമരുളിയത് ഇന്ത്യയായിരുന്നു. ഹൈദരാബാദിൽ വച്ചായിരുന്നു ലോകരാഷ്ട്രങ്ങൾ പങ്കെടുത്ത കൺവെൻഷൻ നടന്നത്. ആ സമ്മേളനത്തിന്റെ ബ്രാൻഡ് അംബാസിഡർ ആയി വർത്തിച്ചത് സയൻസ് എക്സ്പ്രസ് ആയിരുന്നു. ഇന്ത്യയിലെ ജൈവവൈവിധ്യങ്ങളുടെ പ്രത്യേകതയെക്കുറിച്ചും അവയുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികളുമായിരുന്നു 2012 എഡിഷൻ സയൻസ് എക്സ്പ്രസിന്റെ പ്രദർശനത്തിന്റെ ഉള്ളടക്കം.

ഇന്ത്യയിലെ ജൈവവൈവിധ്യങ്ങൾ സംരംക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടങ്ങളെക്കുറിച്ചും പൊതുജനങ്ങളെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ

ബോധവൽക്കരിക്കുന്നതിൽ സയൻസ് എക്സ്പ്രസ് പ്രത്യേക ഊന്നൽ നൽകുന്നു.

16 കോച്ചുകളിൽ എട്ടെണ്ണം പൂർണമായും ഇന്ത്യയിലെ അത്യപൂർവമായ ജൈവവൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്നു. ഹിമാലയൻ സാനുക്കൾ, ഗംഗാസമതലം പശ്ചിമഘട്ടം, ഡക്കാൺ പീഠഭൂമി, തീരപ്രദേശം, മരുഭൂമി എന്നിങ്ങനെ ആരേയും അൽഭുതപ്പെടുത്തുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയാണ് ഇന്ത്യൻ ഉപഭൂഖണ്ഡം. ഇതിനൊപ്പം ഇത്തരം ജൈവവൈവിധ്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ജീവസന്ധാരണ മാർഗങ്ങളെക്കുറിച്ചും അവയുടെ നിലനിൽപിനെ പ്രതിസന്ധിയിലാക്കുന്ന വെല്ലുവിളികളെക്കുറിച്ചും പ്രദർശനത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കാലാവസ്ഥാവ്യതിയാനം, ജലസംരക്ഷണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രദർശനമാണ് ശേഷിക്കുന്ന 8 കോച്ചുകളിൽ ഒന്നിൽ ഒരുക്കിയിരിക്കുന്നത്. ഹരിത സാങ്കേതികവിദ്യ, ഊർജസംരക്ഷണം എന്നിവയെക്കുറിച്ചുള്ള പ്രദർശനവും സയൻസ് എക്സ്പ്രസിൽ ഉണ്ട്. കളികളും പ്രവർത്തനങ്ങളും സംയോജിപ്പിച്ചു കൊണ്ട് കുട്ടികൾക്ക് മാത്രമായുള്ള കോച്ചാണ് പ്രദർശനത്തിന്റെ മറ്റൊരു പ്രത്യേകത.

വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്ററിന്റെ സഹായത്തോടെ സജ്ജീകരിച്ചിരിക്കുന്ന ലാബും ഒരു കോച്ചിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ അധ്യാപകർക്കുള്ള പ്രത്യേകപരിശീലനക്ളാസുകളും സയൻസ് എക്സ്പ്രസ് നൽകുന്നുണ്ട്. താൽപര്യമുള്ളവർ ഇതിനായി സയൻസ് എക്സ്പ്രസിന്റെ മാനേജരെ സമീപിച്ചാൽ മതിയാകും.

ഓരോ സ്റ്റേഷനിലും നടത്തേണ്ട പരിപാടികളെ കുറിച്ച് നേരത്തെ തന്നെ അറിയിക്കുന്നതിനാൽ കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയുന്നു. സ്കൂളുകൾക്കും കോളേജുകൾക്കും ഒരു ഔട്ട് റീച് പ്രോഗ്രാം എന്ന നിലയിൽ സയൻസ് എക്സ്പ്രസ് വലിയ സാധ്യതയാണ് തുറന്നു വയ്ക്കുന്നത്. അതു വഴി റയിൽവേ പ്ളാറ്റ്ഫോം വിജ്ഞാന ചർച്ചകളുടെ വേദി കൂടി ആയി മാറുന്നു. കേന്ദ്ര പരിസ്ഥിതി–വനം വകുപ്പിന്റെ ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെയും നാഷണൽ ഗ്രീൻ കോർപ്സിന്റേയും ഭാഗമായുള്ള സ്കൂളുകളും കോളേജുകളും ഈ പ്രദർശനം പൊതുജനങ്ങളിലേക്കെത്തിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. സന്ദർശകർക്ക് നൽകുന്ന ബ്രോഷർ, നോട്ടീസുകൾ തുടങ്ങിയവ പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ സയൻസ് എക്സ്പ്രസ്

സന്ദർശിക്കാൻ കഴിയാത്ത വലിയ ജനവിഭാഗത്തിലെത്തിക്കുന്നതിന് സഹായിക്കുന്നു.

സഞ്ചരിക്കുന്ന ഈ പ്രദർശനമേളയുടെ വിഞ്ജാനവിഭാഗം ക്രമീകരിക്കുന്നതിന് സഹകരിച്ചവർ നിരവധിയുണ്ട്. കേന്ദ്ര പരിസ്ഥിതി–വനം വകുപ്പ് ശാസ്ത്രസാങ്കേതിക വകുപ്പുമായി സഹകരിച്ചാണ് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രദർശനം ഒരുക്കിയത്. അഹമദാബാദിലെ പരിസ്ഥിതി പഠന കേന്ദ്രം, വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്റർ, യു.എൽ ഇന്ത്യ, ഇൻഡസ് ടവേഴ്സ് എന്നീ സ്ഥാപനങ്ങളും സയൻസ് എക്സ്പ്രസിലെ പ്രദർശനത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും സഹകരിച്ചിട്ടുണ്ട്.

സയൻസ് എക്സ്പ്രസിന്റെ ഇന്ത്യയിലെ യാത്രകളേയും പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ശാസ്ത്രസാങ്കേതിക വകുപ്പ് നൽകിയിരിക്കുന്നത് വിക്രം സാരാഭായ് കമ്മ്യൂണിറ്റി സയൻസ് സെന്ററിനാണ്. സെന്ററിലെ പ്രഗൽഭരുടെ ഒരു സംഘം സന്ദർശകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നകിനും കാര്യങ്ങൾ വിശദീകരിക്കുന്നതിനുമായി സയൻസ് എക്സ്പ്രസിനൊപ്പം എല്ലാ യാത്രകളിലും അനുഗമിക്കുന്നു. സഞ്ചരിക്കുന്ന ഈ പ്രദർശനം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് വിദ്യാർത്ഥികളേയും അധ്യാപകരേയുമാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. (www.sciencexpress.in)

പ്രദർശനത്തിനെക്കുറിച്ചും മറ്റ് പരിപാടികളെക്കുറിച്ചുമുള്ള വിവരങ്ങൾക്കായി sciencexpress@gmail.com എന്ന വിലാസത്തിൽ ഇ–മെയിൽ അയക്കുകയോ 9428406407 എന്ന നമ്പറിൽ മാനേജരുമായി ബന്ധപ്പെടുകയോ ചെയ്യാം. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 25 പേർ വീതം അടങ്ങുന്ന ഗ്രൂപ്പുകളായി ജോയ് ഓഫ് സയൻസ് ലാബിലെ പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. അതിനായി vascsc.jos@gmai.com എന്ന വിലാസത്തിൽ മെയിൽ ചെയ്യുകയോ 9428405408 എന്ന നമ്പറിൽ നേരിൽ ബന്ധപ്പെടുകയോ ചെയ്യാം.

പരമാവധി ജനങ്ങളിലേക്ക് ഈ ബോധവൽക്കരണ പരിപാടി എത്തിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ മറ്റ് അഭ്യുതേയകാംക്ഷികൾ എന്നിവരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**ശ്രദ്ധിക്കുക**

1. പ്രദർശനം എല്ലാവർക്കും സൗജന്യമാണ്.
2. മൊബൈൽ, ക്യാമറ, ബാഗ്, തീപ്പെട്ടി, സിഗരറ്റ്, ബീഡി, പുകയില ഉൽപന്നങ്ങൾ, മൂർച്ചയുള്ള ഉപകരണങ്ങൾ തുടങ്ങിയവ സയൻസ് എക്സ്പ്രസിൽ കൊണ്ടു പോകുന്നതിന് അനുവദിക്കില്ല.
3. വിവിധ സ്റ്റേഷനിൽ എത്തുന്ന സമയവിവരം:

ആഗസ്റ്റ് 12–14: തിരുവനന്തപുരം

ആഗസ്റ്റ് 16–19: ആലപ്പുഴ

ആഗസ്റ്റ് 20–23: കോയമ്പത്തൂർ

ആഗസ്റ്റ് 24–27: കോഴിക്കോട്

ആഗസ്റ്റ് 28–31: കണ്ണൂർ

4. സമയം: 10.00 മുതൽ 5.00 വരെ
5. സന്ദർശകരുടെ നീണ്ട ക്യൂ ഉണ്ടാകാൻ സാധ്യതയുള്ളതു കൊണ്ട് കുടിക്കാൻ വെള്ളം കൊണ്ടു വരുന്നത് അഭികാമ്യം.